13

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MARCH 2022




BUDGET 2022



## കേരള ബഡ്ജറ്റ് 2022–2023

# വ്യവസായ വകുപ്പിന് 1266.66 കോടി രൂപ

2022-2023 സാമ്പത്തിക വർഷത്തിലെ കേരള ബഡ്ജറ്റിൽ വ്യവസായ മേഖലയെ ഉയരങ്ങളിലേക്കുയർത്താൻ സുപ്രധാന പ്രഖ്യാപനങ്ങൾ. കേരളത്തെ പരിസ്ഥിതി സൗഹാർദ്ദവും ഉത്പാദനക്ഷമവും, വ്യാവസായിക നിക്ഷേപങ്ങൾക്ക് അനുയോജ്യമായ ഇടമാക്കി പുതിയ തൊഴിൽ അവസരങ്ങൾ സ്യഷ്ടിക്കാനും സംസ്ഥാനത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടു കൊണ്ടുള്ളതുമാണ് ബഡ്ജറ്റ്. വ്യവസായ മേഖലയുടെ ആകെ ബജറ്റ് വിഹിതം കഴിഞ്ഞ വർഷത്തേതിൽ നിന്ന് വർധിപ്പിച്ച് 1266.66 കോടി രൂപയായി.


കെ എസ് ഐ ഡി സി, കിൻഫ്ര, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി മേഖല, കയർ മേഖല, ഖാദി, കൈത്തറി തുടങ്ങി എല്ലാ മേഖലകളും പരിഗണിക്കപ്പെട്ടു. വകുപ്പിന്റെ അഭിമാന പദ്ധതികളിലൊന്നായ സംരംഭക വർഷം നടപ്പിലാക്കാൻ 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങളും 5 ലക്ഷത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതാണീ പദ്ധതി. ഇതിന് പുറമെ ഫുഡ് പ്രോസസ്സിങ്ങ് പാർക്കുകൾ, സ്വകാര്യ വ്യവസായ പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ നടപ്പിലാക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനും വിവിധ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തിനുമായി 207.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ ഉത്പന്നങ്ങൾ, മൂല്യമേറിയ ഇലക്ട്രോണിക് ഉത്പന്നങ്ങൾ, ഭക്ഷ്യ മൂല്യവർധിത ഉത്പന്നങ്ങൾ, പരിസ്ഥിതി സൗഹൃദ ഗ്രീൻ മൊബിലിറ്റി എന്നിവക്കാകും ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രഖ്യാപനങ്ങൾ ഊന്നൽ നൽകുക. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജീസ് ഹബ്ബും ഇലക്ട്രിക് വാഹന ഭാഗങ്ങൾ നിർമ്മിക്കുന്നതിനായി ഗ്രീൻ മൊബിലിറ്റി ഹബ്ബും സ്ഥാപിക്കുമെന്ന പ്രഖ്യാപനം കേരളത്തിന്റെ വ്യാവസായിക വളർച്ചക്ക് വേഗം കൂട്ടും. ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കും ഇന്നവേഷൻ ആക്സിലറേഷൻ പദ്ധതിക്കും 7 കോടി രൂപ വീതവും സ്റ്റാർട്ടപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപയും ബജറ്റിൽ വകയിരുത്തി. വ്യാവസായിക വളർച്ച ഗണ്യമായി വർധിപ്പിക്കുന്നതിന് ഇന്റസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളും സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കാനുള്ള തീരുമാനവും കേരളത്തിന് മുതൽക്കൂട്ടാകും. പരമ്പരാഗത വ്യവസായ മേഖലയ്ക്കും പ്ലാന്റേഷൻ മേഖലയ്ക്കുമുൾപ്പെടെ എല്ലാ മേഖലയിലേക്കും ബജറ്റ് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ

# കാര്യക്ഷമത വർധിപ്പിക്കാൻ പരിശീലന പരിപാടികൾ

കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും നിലവിലെ സംരംഭങ്ങൾ മെച്ചെപ്പടുത്തുന്നതിനുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തങ്ങളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ നേതൃത്വം നൽകുന്നത് ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ വ്യത്യസ്ത വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരാണ്. പുതിയ പദ്ധതികളെക്കുറിച്ചും ആശയങ്ങളെക്കുറിച്ചും വിശദമാക്കുന്നതിനും അത് വഴി കൃത്യമായ മേൽനോട്ടം ഏറ്റെടുത്ത് അവരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ ഏകോപിപ്പിക്കുന്നതിനും ഉദ്യോഗസ്ഥർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയാണ് വ്യവസായ വകുപ്പ്.



കേരളത്തിലെ വ്യവസായ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും കാര്യക്ഷമത വർധിപ്പിക്കുന്നതിനായി പ്രശസ്ത മാനേജ്മെന്റ് സ്ഥാപനങ്ങളായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM) കോഴിക്കോടും, എന്റർപ്രെണർഷിപ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (EDII) അഹമ്മദാബാദിലും വച്ച് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികളാണ് നൽകി വരുന്നത്. അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർക്കും അവർക്ക് മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും IIM കോഴിക്കോട് വച്ചും ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് EDII അഹമ്മദാബാദിലും വച്ചാണ് പരിശീലനം നൽകുന്നത്. IIM ൽ അഞ്ച് ബാച്ചിലൂടെ 160 ഉദ്യോഗസ്ഥർക്കും EDII ൽ ഏഴു ബാച്ചിലൂടെ 175 ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി അവരെ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുമ്പോഴെക്കും മികവിലേക്കുയർത്താനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

പരീശിലന പദ്ധതി തുടങ്ങിയിട്ട് IIM ൽ ഇതിനോടകം 2 ബാച്ച് പൂർത്തിയായി കഴിഞ്ഞു. മറ്റ് ബാച്ചുകൾ 2022 മാർച്ച് 31 നകം പൂർത്തിയാകുന്ന തരത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കർത്തവ്യ നിർവ്വഹണത്തിലും പൊതുജന സമീപനത്തിലും സമൂല മാറ്റം കൊണ്ട് വരികയാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

# സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുവാനായി വ്യവസായ വകുപ്പിന്റെ ടെക്നോളജി ക്ലിനിക്കുകൾ

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ആവശ്യമായ സേവനങ്ങളും കൈത്താങ്ങലും നൽകുന്നതിന്റെ ഭാഗമായി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടാനുള്ള ടെക്നോളജി ക്ലിനിക്കുകൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഈ വർഷം നൽകി വരുന്നു. നിലവിലുള്ള യൂണിറ്റുകളുടെ സാങ്കേതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, സാങ്കേതികവിദ്യ നവീകരിക്കുന്നതിനും സംരംഭകരെ സജ്ജരാക്കുന്നതിന് പ്രശസ്ത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും, സാങ്കേതിക വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് ടെക്നോളജി ക്ലിനിക്കുകൾ നടത്തുന്നത്.

എല്ലാ ജില്ലകളിലും രണ്ട് സെക്ടറുകളിലായി പുതിയ സാങ്കേതിക വിദ്യകളെ പരിചയപ്പടുത്തുന്ന ടെക്നോളജി ക്ലിനിക്കുകൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലാ തലത്തിൽ ഇപ്രകാരം 28 ടെക്നോളജി ക്ലിനിക്കുകൾ നടത്താൻ ലക്ഷ്യമിട്ടതിൽ 20 എണ്ണം ഇതിനോടകം പൂർത്തിയായി കഴിഞ്ഞു. അതെ സമയം സംസ്ഥാന തലത്തിൽ 10 ടെക്നോളജി ക്ലിനിക്കുകൾ നടത്താനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. അതിൽ 6 എണ്ണം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

വിവിധ മേഖലകളിലെ സാധ്യതകളെയും വെല്ലുവിളികളെയും കുറിച്ച് കൂടുതൽ അറിയുന്നതിനും സംശയ ദൂരീകരണത്തിനുമായി സംഘടിപ്പിക്കുന്ന ടെക്നോളജി ക്ലിനിക്കിലൂടെ സംരംഭങ്ങളുടെ നടപടിക്രമങ്ങളെകുറിച്ചും മറ്റ് വിശദാംശങ്ങളെക്കുറിച്ചും പൂർണമായി മനസ്സിലാക്കാൻ സാധിക്കും.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.